# പോലീസ് വകുപ്പ്
# കേരളം

**No. B1-2950/2017/W**

ജില്ലാ പോലീസ് ഓഫീസ്,
വയനാട്
spwynd.pol@kerala.gov.in
04936202525
തീയതി. 01-02-2018

**ലേല പരസ്യം**

വയനാട് ജില്ലയിലെ പുൽപ്പള്ളി പോലീസ് സ്റ്റേഷൻ കോമ്പൌണ്ടിൽ സ്ഥിതി ചെയ്യുന്ന താഴെ പട്ടികയിൽ കാണിച്ചിട്ടുള്ള വിവിധ തരം മരങ്ങൾ ബന്ധപ്പെട്ട അധികാരികൾ അനുവാദം നൽകിയതിന്റെ അടിസ്ഥാനത്തിൽ 24.02.2018 തീയതി പകൽ 11.00 മണിയ്ക്ക് പുൽപ്പള്ളി പോലീസ് സ്റ്റേഷനിൽ വെച്ച് പരസ്യമായി ലേലം ചെയ്തു കൊടുക്കുന്നതാണ്. ലേലത്തിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ താഴെ കാണുന്ന പ്രകാരം നിരത ദ്രവ്യം ലേലം തുടങ്ങുന്നതിന് അര മണിക്കൂർ മുൻപായി സ്റ്റേഷനിൽ അടച്ച് രസീത് വാങ്ങേണ്ടതാണ്.

| നം | മരത്തിന്റെ പേര് | എണ്ണം | നിരതദ്രവ്യം |
|---|---|---|---|
| 1 | സ്വാത്തോഡിയം | 1 | 300 |
| 2 | അരണമരം | 3 | 200 |
| 3 | ചൂളമരം | 2 | 100 |

ലേലത്തിൽ പരാജയപ്പെടുന്നവർക്ക് ലേലം കഴിഞ്ഞ ഉടനെ അവർ അടച്ച നിരത ദ്രവ്യം തിരിച്ച് നൽകുന്നതായിരിക്കും. ലേലം താൽക്കാലികമായി സ്ഥിരപ്പെടുത്തിയ വ്യക്തി ലേല തുക മുഴുവനായും (നിരത ദ്രവ്യം കഴിച്ച് ബാക്കി തുക) സർക്കാർ നിശ്ചയിച്ചിട്ടുള്ള ചരക്ക് സേവന നികുതിയായ (GST) 18% ഉം രണ്ടും കൂടിയുള്ള ആകെ തുകയുടെ 5% തുക വന സംരക്ഷണ നികുതി (FDT) എന്നിവ ലേല സ്ഥലത്തു വെച്ച് തന്നെ അടച്ച് രസീതി കൈപ്പറ്റേണ്ടതാണ്. ലേലം സ്ഥിരപ്പെടുത്തിയിട്ടുള്ളതായ അറിയിപ്പ് ഈ ഓഫീസിൽ നിന്നും ലഭിച്ച് കഴിഞ്ഞാൽ എത്രയും പെട്ടെന്ന് ലേലം കൈകൊണ്ടയാൾസ്ഥലത്തു നിന്നും സ്വന്തം ചിലവിൽ മരം നീക്കം ചെയ്യേണ്ടതാണ്. ഏതെങ്കിലും കാരണവശാൽ ലേലം സ്ഥിരപ്പെട്ടത്തി കിട്ടുന്ന ആൽ ലേല നിബന്ധനകൾ ലംഘിക്കുകയാണെങ്കിൽ ടിയാൻ അടച്ച സംഖ്യ സർക്കാരിലേയ്ക്ക് മുതൽ കെട്ടുന്നതും ടി മരങ്ങൾ പുനർ ലേലം ചെയ്യുന്നതായിരിക്കും. പുനർ ലേലത്തിൽ സർക്കാരിനുണ്ടാകുന്ന നഷ്ടം മുൻ ലേലക്കാരിൽ നിന്നും ഈടാക്കുന്നതും മറിച്ച് കൂടുതലായി ലഭിക്കുന്ന തുകയ്ക്ക് മുൻ ലേലക്കാരന് യാതൊരു വിധ അവകാശമോ അർഹതയോ ഉണ്ടായിരിക്കുന്നതല്ല.

ടി മരങ്ങൾ പുൽപ്പള്ളി SHO യുടെ അനുമതിയോടെ ലേല ദിവസത്തിന്റെ മുൻ ദിവസം വരെ ഓഫീസ് സമയത്ത് കാണാവുന്നതാണ്. പരിശോധനയ്ക്ക് വരുന്നവരും ലേലത്തിൽ പങ്കെടുക്കുന്നവരും സ്വന്തം തിരിച്ചറിയൽ രേഖ കൈവശം വെക്കേണ്ടതും ആവശ്യപ്പെടുന്ന പക്ഷം ഹാജരാക്കേണ്ടതുമാണ്.

യാതൊരു കാരണവും കാണിക്കാതെ ലേലം മാറ്റി വെക്കാനോ അസ്ഥിരപ്പെടുത്തുവാനോ ഉള്ള അധികാരം വയനാട് ജില്ലാ പോലീസ് മേധാവിയിൽ നിക്ഷിപ്തമാണ്. ലേലം സംബന്ധിച്ച എല്ലാ സർക്കാർ വ്യവസ്ഥകളും ഈ ലേലത്തിൽ ബാധകമായിരിക്കും.

ഡോ.അരുൾ ആർ ബി കൃഷ്ണ ഐ.പി.എസ്
ജില്ലാ പോലീസ് മേധാവി

B1-2950/2017/W
52b53a

| | | |
|---|---|---|
| സ്വീകർത്താവ് | : | 1.ബോർഡ് അംഗങ്ങളുടെ അറിവിലേക്കും അനന്തര നടപടികൾക്കുമായി. 2.ക്യാഷർ അറിവിലേക്കും അനന്തര നടപടികൾക്കുമായി |
| പകർപ്പ് | : | 1.എല്ലാ പോലീസ് കമ്മീഷണർമ്മാർക്കും,എല്ലാ ജില്ലാ പോലീസ് മേധാവികൾക്കും, ബറ്റാലിയൻ കമാൻന്റ്റുമാർക്കും വ്യാപക പബ്ലിസിറ്റി നൽകുന്നതിനായി അയക്കുന്നു. 2.ഡയറക്ടർ ഓഫ് പബ്ലിക് റിലേഷൻസ് തിരുവനന്തപുരം.(മുഖപത്രത്തോടെ) 3. സൂപ്രണ്ട്,ഗവൺമെൻറ് പ്രെസ്സ്, തിരുവനന്തപുരം. 4. ഫോറെസ്റ്റ് റേഞ്ച് ഓഫീസർ,സുൽത്താൻ ബത്തേരി. 5. ഇൻഫർമേഷൻ ഓഫീസർ, വയനാട്, കൽപറ്റ(മുഖപത്രത്തോടെ) 6. സെക്രട്ടറി, ജില്ലാ പഞ്ചായത്ത് ആൻറ് മുൻസിപ്പാലിറ്റി 7.അസിസ്റ്റൻറ് കമാൻഡൻറ് , ഏ.ആർ വയനാട്. 8. എല്ലാ പോലീസ് ഇൻസ്പെക്ടർ മാർക്കും. 9. SHO പുൽപ്പള്ളിക്കു. സൂചന(1),(2) സർകാർ ഉത്തരവ് പ്രകാരം മുറിച്ച് മാറ്റുന്ന മരങ്ങൾക്ക് പകരം പത്തിരട്ടി തദ്ദേശീയ ഇനം മരങ്ങൾ ടി സ്ഥലത്തോ അനുയോജ്യമായ പരിസര പ്രദേശത്തോ വെച്ചു പിടിപ്പിക്കുവാനുള്ള നടപടികൾ സ്വീകരിക്കേണ്ടതും ആയത് ശരിയാം വിധംപരിപാലിക്കേണ്ടതാണ്. |

Internal Administrative Processing System iAPS KERALA POLICE